# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **29-07-2015- ൽ മറുപടിക്ക്**
**ചോദ്യം നമ്പർ: 606**

## വിഴിഞ്ഞം തുറമുഖത്തിന് കബോട്ടാഷ് നിയമത്തിൽ ഇളവ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ | : | ശ്രീ. കെ.ബാബു |
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ | : | (മത്സ്യബന്ധനവും തുറമുഖവും |
| ഡോ. എൻ.ജയരാജ് | : | എക്സൈസും വകുപ്പു മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | വിഴിഞ്ഞം തുറമുഖത്തിന് കബോട്ടാഷ് നിയമത്തിൽ ഇളവ് നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | വിഴിഞ്ഞം തുറമുഖത്തിന് കബോട്ടാഷ് നിയമത്തിൽ ഇളവ് ലഭിച്ചിട്ടില്ല. വിഴിഞ്ഞം തുറമുഖത്തിന് കബോട്ടാഷ് നിയമത്തിൽ ഇളവ് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രി 13-12-2013 നും, 23-12-2013 നും, 19-08-2014 നും, 26-02-2015 നും, 21-07-2015 ലും പ്രധാനമന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ കേന്ദ്ര ഷിപ്പിംഗ് മന്ത്രിക്കും കേന്ദ്ര ധനമന്ത്രിക്കും കേന്ദ്ര ആഭ്യന്തര മന്ത്രിക്കും, ഷിപ്പിംഗ് മന്ത്രാലയത്തിനും കബോട്ടാഷ് ഇളവ് നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള കത്തുകൾ അയച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച കേന്ദ്ര സർക്കാറിന്റെ കരട് ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ? | (ബി) | ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാർ 03-07-2015-ൽ പുറപ്പെടുവിച്ച കരട് നയരേഖ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കരട് നയരേഖയിൽ പ്രത്യേക ആവശ്യങ്ങൾക്കായുള്ള ചരക്കു കപ്പലുകൾക്ക് കബോട്ടാഷ് നിയമത്തിൽ മൂന്ന് വർഷത്തേക്ക് ഇളവ് ശുപാർശ ചെയ്തിട്ടുണ്ട്. ഒപ്പം കിഴക്കൻ തീരങ്ങളിലെ തുറമുഖങ്ങളിൽ നടക്കുന്ന കണ്ടെയ്നർ മുഖേനയുള്ള വിദേശ ചരക്ക് കയറ്റുമതിക്കും ഇറക്കുമതിക്കും കബോട്ടാഷ് നിയമത്തിൽ ഇളവ് നൽകാൻ ശുപാർശ ചെയ്തിട്ടുണ്ട്. പ്രസ്തുത കരട് നയരേഖയിൻ മേലുള്ള സർക്കാരിന്റെ അഭിപ്രായം അറിയിച്ചുകൊണ്ട് മുഖ്യമന്ത്രി 21-07-2015 ൽ പ്രധാനമന്ത്രിക്ക് വീണ്ടും കത്ത് അയച്ചിട്ടുണ്ട്. അന്തിമ നയരേഖയിൽ വിഴിഞ്ഞം തുറമുഖത്തിനായുള്ള കബോട്ടാഷ് ഇളവും ഉൾപ്പെടുത്തണമെന്ന് പ്രസ്തുത കത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**